**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2468** **07-07-2022 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംരംഭക വർഷമായി പ്രഖ്യാപിച്ച 2022-23-ൽ കൊല്ലം ജില്ലയിൽ എത്ര സംരംഭം തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നത്; | (എ) | സംരംഭക വർഷത്തിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ 11775 സംരംഭങ്ങൾ തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ലക്ഷ്യം കൈവരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | 2022-2023 സംരംഭക വർഷമായി തീരുമാനിച്ചിട്ടുള്ളതിന്റെ ഭാഗമായി വിവിധ വകുപ്പുകൾ/ഏജൻസികളുടെ സംയോജനത്തോടെ 2022-23 സാമ്പത്തിക വർഷം 1 ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2022 മെയ്-ജൂൺ മാസങ്ങളിൽ കേരളത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സംഘടിപ്പിച്ച ഏകദിന ശില്പശാലകളോടെ ഈ പദ്ധതിക്ക് തുടക്കമായി. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മെയ്-ജൂൺ മാസങ്ങളിൽ പൊതു ബോധവൽക്കരണം നടത്താനും തുടർന്ന് താല്പര്യപ്പെട്ടു വരുന്ന ആളുകൾക്ക് ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിക്കൊണ്ട് സംരംഭങ്ങൾക്ക് ആവശ്യമുള്ള ലൈസൻസും ലോണും സബ്സിഡിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നതുമാണ് ക്യാമ്പയിനുകൾ വഴി ലക്ഷ്യമിടുന്നത്.<br><br>വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി കുറഞ്ഞ പലിശക്ക് വായ്പ ലഭ്യമാക്കാനും താല്പര്യമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും സംരംഭകർക്ക് വേണ്ട മാർക്കറ്റിങ് സഹായം ലഭ്യമാക്കാനും അടക്കമുള്ള വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്തുവാൻ ഉദ്ദേശിക്കുന്നു. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ഏപ്രിൽ മാസത്തോടുകൂടി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും |

| | | | |
|---|---|---|---|
| | | | BTech/MBA യോഗ്യതയുള്ള ഇന്റേർണിനെ നിയമിച്ചിട്ടുണ്ട്. ഇവർക്ക് മികച്ച പരിശീലനം നൽകി, K-SWIFTപോർട്ടൽ വഴി വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട അനുമതികൾക്കുള്ള അപേക്ഷകൾ തയ്യാറാക്കുന്നതിനും, സ്വയം സാക്ഷ്യപ്പെടുത്തൽ വഴിയുള്ള Acknowledgement Certificate കരസ്ഥമാക്കുന്നതിനും, വിവിധ വകുപ്പുകളുമായി സബ്സിഡിക്കായി ഏകോപനം നടത്താനും സംരംഭകരെ പ്രാപ്തരാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ